കഴിഞ്ഞു. രണ്ടാം വർഷത്തെ 13 പണികളും (335 കി. മീറ്റർ) അന്തിമഘട്ടത്തിലാണ്. മൂന്നാം വർഷത്തെ 17 പണികളും (326 കി. മീറ്റർ) ആരംഭിച്ച്, പുരോഗതിയിലാണ്. ഉദ്ദേശിച്ച ഗതാഗത പദ്ധതി നിശ്ചിത പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുടെ പുരോഗതിക്കാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾക്കനുസൃതമായി ഉദ്യോഗസ്ഥർക്ക് പരിശീലനം

19 [241] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾക്ക് അനുസരിച്ച് പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് പ്രത്യേക കേന്ദ്രങ്ങൾ തുടങ്ങുവാൻ സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) പരിശീലന കേന്ദ്രം തുടങ്ങുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) പരിശീലന കേന്ദ്രങ്ങൾ സംസ്ഥാനത്ത് എവിടെയൊക്കെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ ആൻഡ് ബി) പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള അക്കാഡമിക്, അഡ്മിനിസ്ട്രേറ്റീവ് വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ മാനേജ്മെന്റ് ആൻഡ് ട്രെയിനിംഗ്, കേരള (SIEMAT, KERALA) എന്ന സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിന് ജി.ഒ. (എംഎസ്.) നമ്പർ 171/2005/G.Edn. തീയതി 28-5-2005 ഉത്തരവു പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റിൽനിന്നും 3 കോടി രൂപ ധനസഹായം പ്രതീക്ഷിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

(ഡി) ആദ്യമായി തിരുവനന്തപുരം സെൻട്രൽ ഹൈസ്കൂൾ കാമ്പസിൽ പരിശീലനകേന്ദ്രം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

പട്ടികജാതി/പട്ടികവർഗ്ഗ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് നിയമം

20 [242] ശ്രീ. ബിനോയ് വിശ്വം:
,, കെ. പി. രാജേന്ദ്രൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക—പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പട്ടികജാതി/പട്ടികവർഗ്ഗ സ്ത്രീകൾക്ക് നേരെയുള്ള കയ്യേറ്റങ്ങളും അതിക്രമങ്ങളും വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് ഇവരുടെ സംരക്ഷണത്തിനായി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ആദിവാസി കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനും ഉന്നത വിദ്യാഭ്യാസ സൗകര്യം ഉണ്ടാക്കുന്നതിനുമായി പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ;

(സി) ആദിവാസി സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്കെതിരെയുള്ള അതിക്രമം, കൈയ്യേറ്റം എന്നിവ തടയുന്നതിന് പൗരാവകാശ സംരക്ഷണ നിയമം 1955, അതിക്രമം തടയൽ നിയമം 1989 എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. അതിക്രമം തടയൽ നിയമപ്രകാരം സംസ്ഥാന പോലീസ് ആസ്ഥാനത്ത് ഇത്തരം കേസുകൾ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിനായി ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പാലക്കാട്, കാസർഗോഡ് ജില്ലകളിൽ അതിക്രമങ്ങൾ തടയുന്നതിലേക്ക് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡും പ്രവർത്തിക്കുന്നു. കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ ഓരോ ജില്ലയിലേയും സെഷൻസ് കോടതികളെ സ്പെഷ്യൽ കോടതികളായും പബ്ലിക് പ്രോസിക്യൂട്ടർമാരെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരായും നിയമിച്ചിട്ടുണ്ട്. പി. എം. പി. സി. ആർ. ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും അതിക്രമത്തിന് വിധേയരാകുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അടിയന്തിര സഹായങ്ങൾ എത്തിക്കുന്നതിനുമായി സംസ്ഥാന തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി കൺവീനറായും, ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പട്ടികജാതി വികസന ആഫീസർ കൺവീനറായുമുള്ള വിജിലൻസ് ആൻറ് മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ അതിക്രമത്തിനിരയാകുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും അവരുടെ ആശ്രിതർക്കും പുനരധിവാസത്തിനും ആശ്വാസത്തിനുമായി തൊഴിൽ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

(ബി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് പബ്ലിക് സ്കൂൾ മാതൃകയിൽ മെച്ചപ്പെട്ട റസിഡൻഷ്യൽ വിദ്യാഭ്യാസം നൽകുന്നതിനായി ഉള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 5 സ്കൂളുകൾ പെൺകുട്ടികൾക്കായി മാത്രം പ്രവർത്തിച്ചു വരുന്നു.

കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള 109 പ്രീമെട്രിക് ഹോസ്റ്റലുകളിൽ 37 എണ്ണം പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് മാത്രമായി പ്രവർത്തിക്കുന്നവയുമാണ്.

(സി) ആദിവാസി സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനുമുള്ള പദ്ധതികൾ പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം (SCA to TSP) പദ്ധതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളിലൂടെയും പട്ടികവർഗ്ഗ സ്ത്രീകൾക്ക് പരിശീലനം നൽകുന്നുണ്ട്.

വിദ്യാലയങ്ങൾക്ക് എൻ. ഒ. സി. നൽകൽ

21 [243] ഡോ. തോമസ് ഐസക്:
ശ്രീ. പിരപ്പൻകോട് മുരളി:
,, മത്തായി ചാക്കോ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗൺസിൽ ഫോർ സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ, കൗൺസിൽ ഫോർ ഐ. എസ്. സി. എക്സാമിനേഷൻ എന്നിവയിൽ അഫിലിയേറ്റ് ചെയ്യുന്നതിന് വിദ്യാലയങ്ങൾക്ക് എൻ.ഒ.സി. നൽകുന്ന കാര്യത്തിൽ എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്കൂളുകൾക്ക് അഫിലിയേഷനുവേണ്ടിയുള്ള എൻ.ഒ.സി. നൽകുമ്പോൾ ഈ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ;

(സി) 2001-ന് ശേഷം എത്ര സ്കൂളുകൾക്ക് അഫിലിയേഷനുള്ള എൻ.ഒ.സി. നൽകിയിട്ടുണ്ട്; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര സ്കൂളുകൾക്ക് എൻ.ഒ.സി. നൽകിയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. സെൻട്രൽ ബോർഡിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 12-1-1988-ലെ ജി. ഒ. (എം എസ്.) 18/88/പൊ. വി. ഉത്തരവിൽ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഉണ്ട്.

(സി) 2001 മുതൽ ആകെ 361 സ്കൂളുകൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 108 സ്കൂളുകൾക്ക് അഫിലിയേഷനായി എൻ.ഒ.സി. നൽകിയിട്ടുണ്ട്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ എണ്ണം

22 [1424] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പ്രീമെട്രിക് ഹോസ്റ്റലുകളും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമാണുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly